## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3385 — 11.05.2017-ൽ മറുപടിക്ക്

## വിനോദസഞ്ചാര മേഖല വികസിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ബാബു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദ സഞ്ചാര മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) പരമ്പരാഗത ഉത്സവങ്ങൾ, മേളകൾ, സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങൾ, പൂരം, ബോട്ട്റെയ്സ്, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ പ്രോൽസാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. നാടൻ കലകളെ പ്രോൽസാഹിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും വർഷത്തിലൊരിക്കൽ ഒരാഴ്ച നീളുന്ന 'ഉത്സവം' എന്ന പേരിൽ പരിപാടിയും ഓണവുമായി ബന്ധപ്പെട്ട് കേരളത്തിലാകമാനം നാടൻ കലാപരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |

| | |
|---|---|
| (സി) വിനോദ സഞ്ചാര വികസനത്തിനായി പരമ്പരാഗത കലാരൂപങ്ങൾ ആവിഷ്കരിക്കപ്പെടുമ്പോൾ അവയ്ക്ക് കാതലായ മാറ്റം വരുത്താതെ കേരളത്തനിമ നിലനിർത്തി അവതരിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (സി) വിനോദസഞ്ചാര വികസനത്തിനായി പരമ്പരാഗത കലാരൂപങ്ങൾ ആവിഷ്കരിക്കുമ്പോൾ കേരളത്തനിമ നിലനിർത്തി അവതരിപ്പിക്കുന്നതിന് ശ്രദ്ധ പുലർത്താറുണ്ട്. |
| (ഡി) വിനോദ സഞ്ചാര മേഖലയുടെ വ്യാപനത്തിന്റെ ഫലമായി പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ആവാസ വ്യവസ്ഥയ്ക്ക് നാശനഷ്ടവും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ? | (ഡി) പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും നിലനിർത്തിയും അവയ്ക്ക് കോട്ടം വരാതെയുമുള്ള പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പ് പ്രാമുഖ്യം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ